**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് വിദ്യാകിരണം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് വിദ്യാകിരണം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിന് പുറമെ അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങളും മിഷന്റെ ഭാഗമായി നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായ വിദ്യാകിരണം പദ്ധതിയിൽ കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്. പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനായുള്ള അവസര തുല്യത ഉറപ്പാക്കുക എന്നത് പ്രധാനമാണ്. കോവിഡ് 19 ഉയർത്തിയ വെല്ലുവിളികളെ പലതരത്തിലും അഭിമുഖീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സുകൾ വഴി നാം കുട്ടികളെ കർമ്മനിരതരാക്കി. കോവിഡിന് ശേഷം സ്കൂളിലെത്തിയ കുട്ടികളുടെ സാമൂഹിക വൈകാരിക ആവശ്യകതകൾ അഭിമുഖീകരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ അക്കാദമികവർഷം ആരംഭിച്ചു. അതിപ്പോഴും തുടരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതികസൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കി. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ ശാസ്ത്ര - സാമൂഹിക ശാസ്ത്ര വിഷയങ്ങൾ പുത്തൻ രീതിയിൽ |

| | | | |
|---|---|---|---|
| | | | പഠിക്കുന്നതിനുള്ള പദ്ധതികൾ, ഭാഷാ വികാസത്തിന് 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'സുരീലിഹിന്ദി' തുടങ്ങിയ പദ്ധതികൾ, ഗണിതം ആനന്ദകരമാക്കാൻ 'ഗണിത വിജയം', 'ഉല്ലാസ ഗണിതം', പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ കൂടുതൽ മികച്ച മുന്നേറ്റത്തിന് 'ടാലന്റ് ലാബ്', ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education)- കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, അദ്ധ്യാപക പരിവർത്തന പദ്ധതി, സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, അധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, എസ്.ഐ.ഇ.ടിയുടെ പരിശീലന പരിപാടികൾ, സ്കൂൾ /ക്ലാസ്സ് ലൈബ്രറി വികസനം, പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ വികസനം, സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കുള്ള പ്രത്യേക പരിപാടി എന്നിവയാണ് അക്കാദമിക മുന്നേറ്റത്തിനായി നടപ്പാക്കുന്നത്. ഈ രംഗത്ത് ഇനിയും നമുക്ക് മുന്നേറേണ്ടതായിട്ടുണ്ട്. അതിനുള്ള കർമ്മ പദ്ധതി വിദ്യാകിരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. |
| (സി) | പൊതു സമൂഹത്തെ നവീകൃത പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ഫലപ്രദമായ ജനകീയ ഇടപെടൽ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ? | (സി) | ജനകീയവിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലയങ്ങളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ മാസവും ക്ലാസ് പി.റ്റി.എ യോഗങ്ങൾ ചേരണമെന്നും കഴിഞ്ഞ ഒരു മാസം നടന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ എന്തെല്ലാം, അതുമൂലം കുട്ടികൾക്കുണ്ടായ മികവുകൾ എന്തെല്ലാമെന്നും, ഇനി ഒരു മാസം നടത്താനുദ്ദേശിക്കുന്ന പഠനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും, അതിൽ രക്ഷിതാക്കളുടെ ഭാഗത്തു നിന്നുള്ള പിന്തുണ എന്നീ കാര്യങ്ങളെല്ലാം ചർച്ച ചെയ്യണമെന്നും വിഭാവനം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ സമൂഹത്തിന്റെ കൂടി പങ്കാളിത്തത്തോടെ പ്രകൃതിയെ അറിഞ്ഞ് പഠിക്കുന്ന മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള ജൈവവൈവിദ്ധ്യ ഉദ്യാനം എന്ന പ്രവർത്തനം എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഓരോ വിദ്യാലയത്തിലെയും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയിൽ പി.ടി.എ, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, എസ്.ആർ.ജി, എസ്.എസ്.ജി, എൽ.എസ്.ജി അംഗങ്ങൾ , പൂർവ്വ വിദ്യാർത്ഥികൾ, പ്രദേശത്തെ അക്കാദമിക വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2021 നവംബർ മാസത്തിൽ കോവിഡാനന്തരം സ്കൂളുകൾ തുറന്നപ്പോൾ ജനകീയ പങ്കാളിത്തത്തോടെയാണ് സ്കൂളുകളുടെ അണുനശീകരണവും ശുചീകരണ പ്രവൃത്തികളും നടന്നത്. 2022 ജൂൺ 1ന് നടന്ന പ്രവേശനോത്സവം, പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം തുടങ്ങി എല്ലാ പ്രധാന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ജനകീയത ഉറപ്പാക്കുന്നതിന് ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാ സാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങി സമൂഹത്തിന്റെ നാനാതലത്തിലുള്ള ആളുകളുടേയും സഹകരണവും സഹായവും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞു. സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കി. രക്ഷാകർതൃബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. പ്രാദേശിക സമൂഹത്തിന്റെ പിന്തുണയോടെ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. തുടർന്നും സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി നവകേരളം കർമ്മ പദ്ധതി II ന്റെ ഭാഗമായ വിദ്യാകിരണം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**I ഭൗതിക സൗകര്യ വികസനം – പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ച പ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചിരുന്നു. പ്ലാൻ ഫണ്ട്/നബാർഡ് സ്കീം/MLA/MP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നിരവധി വിദ്യാലയ ങ്ങൾക്ക് ഭൗതിക സൗകര്യ വികസനം സാധ്യമായിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാലയ ങ്ങൾക്കായി ചലഞ്ച് ഫണ്ടും നടപ്പാക്കി.

**1. 5 കോടി KIIFB സഹായത്തോടെയുള്ള നിർമ്മാണം**

സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം 141 സ്കൂളുകളിലെ ഭൗതികസൗകര്യവികസനത്തിനായുള്ള നടപടികൾ കൈക്കൊണ്ടിരുന്നു. അതിൽ 119 വിദ്യാലയങ്ങളിൽ കെട്ടിട നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ച് കഴിഞ്ഞു. 22 വിദ്യാലയ ങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ശേഷിക്കുന്ന 2 വിദ്യാലയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**2. 3 കോടി KIIFB നിർമ്മാണം**

3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ 220 സ്കൂളുകളും രണ്ടാംഘട്ടത്തിൽ ഭരണാനുമതി നൽകിയ

166 സ്കൂളുകളും ഉൾപ്പടെ ആകെ 386 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 220 സ്കൂളുകളിൽ 126 സ്കൂളുകളുടെ നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ച് കഴിഞ്ഞു. 20 വിദ്യാലയങ്ങളിൽ നിർമ്മാണം ഭാഗികമായി പൂർത്തിയായി ക്ലാസ്സ്മുറികൾ കുട്ടികൾക്ക് പഠനത്തിനായി വിട്ടു കൊടുത്തു.

ഒന്നാം ഘട്ടത്തിൽ അനുവദിച്ച 34 സ്കൂളുകളും രണ്ടാംഘട്ടത്തിൽ അനുവദിച്ച 166 സ്കൂളുകളും ഉൾപ്പടെ 200 സ്കൂളുകളുടെ എസ്.പി.വിയായി കിലയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇതിൽ 185 സ്കൂളുകളുടെ DPR തയ്യാറായിട്ടുണ്ട്. 150 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ഇതിൽ 9 സ്കൂളുകൾക്ക് സാങ്കേതിക അനുമതി ലഭ്യമായി നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇനിയും കിഫ്ബി DPR അംഗീകരിക്കാനുള്ള മുഴുവൻ സ്കൂളുക ൾക്കും പുതുക്കിയ നിരക്കിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ LSGD മുഖാന്തിരം സ്വീകരിച്ചു വരുന്നു. ഒന്നാം ഘട്ടത്തിൽ കൈറ്റിനെ ചുമതലപ്പെടുത്തി നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത 2 സ്കൂളുകളുടെ എസ്.പി.വിയായി കിറ്റ്കോയെ ചുമതലപ്പെട്ടു ത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചു വരുന്നു. ജി.വി.എച്ച്.എസ്.എസ്.ചേളാരി സ്കൂളിന്റെ നിർമ്മാണത്തിന് സ്ഥലപരിമിതി കാരണം നിർമ്മാണം നിർത്തി വച്ചിരിക്കുകയാണ്.

**3. 1 കോടി – 446 സ്കൂളുകൾ ( 500 നും 1000 നും ഇടയിൽ കുട്ടികൾ ഉള്ള സ്കൂളുകൾ)**

1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള SPV ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 446 സ്കൂളുകളിൽ പ്രാഥമിക തടസ്സങ്ങളൊന്നുമില്ലാത്ത 403 സ്കൂളുക ളിൽ 399 സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഇതിൽ 341 സ്കൂളുകളുടെ നിർമ്മാണ ത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമായതിൽ 334 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും അതിൽ 206 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 സ്കൂളുകളുടെ നിർമ്മാണം പൂർണമായും പൂർത്തീകരിച്ചു. 1 സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി ക്ലാസ്സ്മുറികൾ കുട്ടികൾക്ക് പഠനത്തിനായി വിട്ടു കൊടുത്തു.

നിർമ്മാണത്തിന് പ്രായോഗിക പ്രശ്നങ്ങളുള്ള 63 സ്കൂളുകളിൽ 43 എണ്ണം സ്ഥലസൗകര്യ മില്ലാത്തതിനാലും കിഫ്ബിയുടെ മറ്റു പദ്ധതികൾ നടക്കുന്നതിനാലും ഒഴിവാക്കപ്പെട്ടവയാണ്. 35 സ്കൂളുകൾക്ക് പകരം സ്കൂളുകൾ കണ്ടെത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 8 സ്കൂളുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള ഒരു ശ്രമം കൂടി നടന്നു വരുന്നു. 20 സ്കൂളുകളുടെ നിർമ്മാണം(KMBR/KPBR-18, CRZ Zone-2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ പരിധി പ്രകാരം പ്രശ്നങ്ങളുള്ളതാണ്. ആയത് ഒന്നുകൂടി പരിശോധിക്കുന്നതിനുള്ള നടപടികൾ കില LSGD മുഖാന്തിരം സ്വീകരിച്ചു വരുന്നു.

ഭൗതിക സൗകര്യ വികസന പദ്ധതികളിലൊന്നും തന്നെ ഇതുവരേയും ഉൾപ്പെടാത്ത സ്കൂളുകൾ കണ്ടെത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അപ്രകാരം സ്കൂളുകളെ കണ്ടെ ത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

## II സാങ്കേതിക വിദ്യാ സൗഹൃദം

### 1) സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ ( ഹൈടെക്ക്)

8 മുതൽ 12 വരെ ക്ലാസ്സുകളുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. ഇതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ശൃംഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഏർപ്പെടുത്തി. 11272 പ്രൈമറി സ്കൂളുകളിൽ ഹൈടെക് വൽക്കരണത്തന്റെ ഭാഗമായി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി.

പഠന നേട്ടങ്ങൾ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യുന്നതിന് സമഗ്രപോർട്ടൽ വഴി അപ്‌ലോഡ് ചെയ്തു. പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള പ്ലാനുകൾ തങ്ങളുടെ സർഗാത്മകതയ്ക്കനുസരിച്ച് മെച്ചപ്പെടുത്തി ലോഗിൻ വഴി പ്രഥമാദ്ധ്യാപകന് സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. അദ്ധ്യാപകർ അപ്‌ലോഡ് ചെയ്യുന്ന വിഭവങ്ങൾ വിദഗ്ധ സമിതി പരിശോധിച്ച് അംഗീകാരം നൽകി പ്രസിദ്ധീകരിക്കും. സെക്കന്ററി - ഹയർസെക്കന്ററി ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളിലേയും ചോദ്യങ്ങൾ വികസിപ്പിച്ച് സമഗ്ര പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് വരുന്നു. കൈറ്റിനായിരുന്നു നിർവ്വഹണച്ചുമതല നൽകിയിരുന്നത്.

***2) ഫസ്റ്റ്ബെൽ***

1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് എല്ലാ സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ക്ലാസ്സുകൾ ഫസ്റ്റ്ബെൽ പരിപാടിയിൽ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേക്ഷണം നടത്തി.

**3) ജി - സ്യൂട്ട് പ്ലാറ്റ്ഫോം**

സംവാദാത്മകമായ ക്ലാസ്സുകൾ നൽകുന്നതിനായി Google India യുമായി ചേർന്ന് കൈറ്റ് ജി-സ്യൂട്ട് പ്ലാറ്റ്ഫോം സജ്ജമാക്കി. കുട്ടികൾക്കും അധ്യാപകർക്കും ലോഗിൻ സൗകര്യം ക്രമീകരിച്ചിരുന്നു. ക്ലാസ്സുകൾ റെക്കോർഡ് ചെയ്യാനും ക്ലാസ്സിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് പിന്നീട് അതിന്റെ ലിങ്ക് നൽകാനും ഇതുമൂലം കഴിയും.

**4) കൈറ്റ് വിക്ടേർസ് രണ്ടാം ചാനൽ**

രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി നിലവിലുള്ള കൈറ്റ് വിക്ടേർസ് ചാനലിന് പുറമേ കൈറ്റ് വിക്ടേർസ് പ്ലസ് ചാനൽ ട്രയൽ അടിസ്ഥാനത്തിൽ സംപ്രേഷണം ആരംഭിച്ചു.

***III <u>അക്കാദമിക പ്രവർത്തനങ്ങൾ</u>***

സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള "അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം– 2" മാർഗരേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചു. കേരളത്തിലെ ഓരോ കുട്ടിയ്ക്കും തുല്യതയോടെ അതത് തലത്തിലുള്ള പഠനനേട്ടങ്ങൾ ആധുനിക സാങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കുന്നതിന് അനുയോജ്യമായ പഠനാന്തരീക്ഷം സംജാതമാക്കുക എന്നതാണ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ അടിസ്ഥാന ദർശനം. പദ്ധതി രൂപീകരണത്തിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അവസ്ഥാപഠനം, ഘടന, സ്കൂൾതല മോണിറ്ററിംഗ്, സ്കൂൾതലത്തിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങൾ, ചുമതലകൾ, ഉപജില്ല, ജില്ല,

സംസ്ഥാനതലങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളും ചുമതലകളും എന്നിവയൊക്കെ വിശദമായി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖ (കരട്) പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. SSK, DIET, KITE, SIET, ജില്ലാ മിഷൻ എന്നിവരുൾപ്പെട്ട ജില്ലാതല റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർപ്ലാനുകൾ അടിസ്ഥാനമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തനപദ്ധതികളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

മെന്ററിങിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി. മെന്ററിങ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കോവിഡ് മഹാമാരിക്കാലഘട്ടത്തിലും നിരവധി പുതിയ അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.**

- ✔ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനും ഗണിതം ജനകീയവൽക്കരിക്കുന്നതിനും വേണ്ടി **ഗണിതപ്പാർക്ക്** എന്ന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ നേമം യു.പി.സ്കൂളിൽ നടത്തി. എല്ലാ ജില്ലയിലും തെരഞ്ഞെടുത്ത സ്കൂളുകളിൽ ഗണിതപ്പാർക്ക് സജ്ജീകരിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ ഉല്ലാസഗണിതം, ഗണിതവിജയം എന്നീ പരിപാടികളും കുട്ടികളെ കളികളിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് നടപ്പിലാക്കിവരുന്നു.
- ✔ ഇന്ത്യയിലാദ്യമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത ജ്യോഗ്രഫി ഓപ്ഷണൽ വിഷയമായുള്ള 232 ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ **സ്കൂൾ വെതർ സ്റ്റേഷൻ** ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ✔ കുട്ടികളുടെ സ്വതന്ത്രവും രസകരവുമായ ഭാഷാപഠനം ലക്ഷ്യമാക്കി കഥകൾ, ഓഡിയോ

പോഡ്കാസ്റ്റുകൾ, അനിമേഷനുകൾ, പാട്ടുകൾ, കവിതകൾ എന്നിവ ഉൾപ്പെടുത്തി ഒരു **ലേണിങ് വെബ്പോർട്ടൽ** തയ്യാറായിവരുന്നു. എല്ലാ സ്കൂളുകളിലും ഇ- ലാംഗ്വേജ് ലാബുകൾ സജ്ജമാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി **ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്** പ്രവർത്തനം ആരംഭിച്ചു.

- ✔ പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നീ പൊതുകേന്ദ്രങ്ങൽ വഴിയും ബി.ആർ.സി തലത്തിലും, ഓൺലൈൻ മുഖാന്തിരവും **ടാലന്റ് ലാബ്** പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ✔ കുട്ടികളുടെ ഗവേഷണാത്മക അന്വേഷണാത്മക പഠനത്തിന് സഹായകമാകുന്നതും നിർമ്മിത ബുദ്ധി, നൂതനസാങ്കേതികവിദ്യ, പ്രശ്ന പരിഹാരം എന്നിവ പരിചയപ്പെടാനും പ്രയോഗിക്കാനും ഉതകുന്ന **ടിങ്കറിങ് ലാബു**കളുടെ സജ്ജീകരണം അവസാനഘട്ടത്തിലേക്കെ ത്തുന്നു. ഓരോ ജില്ലയിലും മൂന്ന് വീതം ടിങ്കറിങ് ലാബുകൾ പൂർത്തിയായി വരുന്നു.
- ✔ **സ്റ്റാർസ്** (STARS -Strengthening, Teaching- Learning and Results for States) പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള 168 പ്രീ പ്രൈമറി സ്കൂളുകൾക്ക് ആക്ടിവിറ്റി ഏരിയകൾ സജ്ജമാക്കുന്നതിനായി പത്ത് ലക്ഷം രൂപ വീതം അനുവദിച്ചു.
- ✔ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 325 പൊതുവിദ്യാലയങ്ങളിൽ **ശലഭപ്പാർക്ക്** സജ്ജീകരിക്കുന്നതിന് പതിനായിരം രൂപ വീതം നൽകുകയും ഇതിനായി പ്രത്യേക കൈപ്പുസ്തകവും അധ്യാപകർക്ക് പരിശീലനവും നൽകുകയും ചെയ്തു.
- ✔ ഹയർസെക്കന്ററി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും **സത്യമേവ ജയതേ** എന്ന സോഷ്യൽ മീഡിയ അവബോധ പരിപാടി എസ്.ഐ.ഇ.ടിയുടെ ആഭിമുഖ്യത്തിൽ നടത്തി.

### IV. ജന്റർ ഓഡിറ്റിങ്

മുഴുവൻ പാഠപുസ്തകങ്ങളും ജന്റർ ഓഡിറ്റിങ് നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ദേശീയ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ഒരു വെബിനാറും ശില്പശാലയും നടത്തിയിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു.

## V. അധ്യാപക പരിശീലനം

സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കൈറ്റ്, ഡയറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ അധ്യാപക ശാക്തീകരണ പരിപാടികൾ നടത്തി. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപകർക്കും ഇൻസ്ട്രക്ടർമാർക്കും അതാത് തൊഴിൽ മേഖലകളിലെ തൊഴിൽ വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനങ്ങൾ സംഘടിപ്പിച്ചു. അധ്യാപക പരിശീലനത്തിന് ദേശീയതലത്തിലുള്ള വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## VI. പ്രത്യേക ശ്രദ്ധയർഹിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ പ്പെടുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, പഠന പിന്നാക്കാവസ്ഥ അഭിമുഖീകരിക്കുന്ന SC/ST കുട്ടികൾ തുടങ്ങിയവർക്കായി പ്രത്യേക പദ്ധതി

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്ന അക്കാദമിക പിന്തുണ കൂടാതെ വ്യക്തിഗതമായ അധികപിന്തുണാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലേയും ക്ലസ്റ്ററുകളിലേയും അനുയോജ്യമായ കേന്ദ്രങ്ങളിൽ 1486 സ്പെഷ്യൽ കെയർസെന്ററുകൾ ആരംഭിച്ചു. സ്കൂളുകളിൽ ഭിന്നശേഷിക്കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കി. എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ എല്ലാ പുസ്തകങ്ങളും ശബ്ദപാഠങ്ങൾ (talking text) ആക്കി. വ്യത്യസ്തങ്ങളായ രണ്ട് ബി.ആർ.സികളിലെ ഭിന്നശേഷി ക്കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് **ജാലകങ്ങൾക്കപ്പുറം** എന്ന പരിപാടി നടന്നുവരുന്നു. ഭിന്നശേഷിക്കുട്ടി കൾക്കുള്ള ഡിജിറ്റൽ വീഡിയോ ക്ലാസ്സുകൾ യുട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്തു. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ മേഖലയിലെ പ്രവർത്തനങ്ങൾ കുട്ടികൾക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും എത്തിക്കുന്നതിനായി ഒരു വെബ്സൈറ്റും ആവിഷ്കരിച്ചിട്ടുണ്ട്. ഇടുക്കി,

വയനാട് എന്നീ ജില്ലകളിലെ ഗോത്രവിഭാഗങ്ങളിലെ കുട്ടികൾക്കും എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികളുടെ കുട്ടികൾക്കുമായി **ഒന്നാണ് നമ്മൾ** എന്ന ഒരു ഓൺലൈൻ പരിപാടി സംഘടിപ്പിച്ചു. ഒരു ബി.ആർ.സിയുടെ കീഴിലെ ഒന്നു മുതൽ നാല് വരെ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ വാട്ട്സ് ആപ്പ് കൂട്ടായ്മ ഉണ്ടാക്കി. മലയോര തീരദേശ മേഖലകളിലെ കുട്ടികൾക്കും ഗോത്രവിഭാഗം കുട്ടികൾക്കുമായി പ്രാദേശിക പ്രതിഭാ കേന്ദ്രം, ഊരുവിദ്യാകേന്ദ്രം, വായനശാലകൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പൊതുപഠന കേന്ദ്രങ്ങൾ വഴി എസ്.എസ്.കെ യൂണിസെഫുമായി സഹകരിച്ച് അതിജീവനം എന്ന മാനസിക ആരോഗ്യ കൗൺസലിങ് പദ്ധതിയും സംഘടിപ്പിച്ചു.

## VII. കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ/ ക്ലാസ്സ് ലൈബ്രറികളെ ഉപയോഗപ്പെടുത്തി

കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്ന **വായനയുടെ വസന്തം** പരിപാടിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയ്ക്കും മൂന്ന് പുസ്തകങ്ങൾ വീതം സ്കൂളുകളിലെത്തിച്ച് വിതരണം ചെയ്തു. 10 കോടി രൂപയാണ് പദ്ധതിക്കായി കണ്ടെത്തിയത്. സംസ്ഥാനത്തെ തമിഴ്, കന്നഡ മീഡിയം സ്കൂളുകളിലും ആദ്യമായി പുസ്തകങ്ങൾ നൽകി. 12 ലക്ഷം കുട്ടികൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളെ എഴുത്തിലേക്കും വായനയിലേക്കും ആകർഷിക്കുന്നതിനായി വായനശാലകളും ലൈബ്രറി കൗൺസിലുമായി സഹകരിച്ച് രക്ഷിതാക്കളുടെ കൂടി സഹായ ത്തോടെ **വായനാ ചങ്ങാത്തം** എന്ന ഒരു പരിപാടിയും തയ്യാറാക്കി.

ഓരോ കുട്ടിയുടേയും വീട്ടിൽ **ഹോം ലൈബ്രറി** സ്ഥാപിക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ മുഖാന്തിരം മൂന്ന് പുസ്തകങ്ങൾ വീതം നൽകാനും വിവിധ ഏജൻസികളുടേയും സന്നദ്ധ സംഘടനകളുടേയും അഭ്യുദയകാംക്ഷികളുടേയും സഹായത്തോടെ കൂടുതൽ പുസ്തകങ്ങൾ വീടുകളിൽ എത്തിച്ച് ഹോം ലൈബ്രറി വിപുലീകരിക്കാനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ നിന്നും ലഭിച്ച സാഹിത്യ സൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുസ്തക

രൂപത്തിലാക്കി **എഴുത്ത് പച്ച** എന്ന പേരിൽ അച്ചടിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ്, ഹിന്ദി, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിലായി 60 ൽ അധികം പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അച്ചടിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറികൾക്ക് വിതരണം ചെയ്യും.

## VIII. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

2021 നവംബർ ഒന്നിന് സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് നല്ല മുന്നൊരുക്കവും വിപുലമായ ക്യാമ്പയിനും സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ, എസ്.എം.സി, പി.ടി.എ എന്നിവരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ സ്കൂളുകളുടെ അണുനശീകരണം, ശുചീകരണ പ്രവൃത്തികൾ എന്നിവ നടന്നു. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിരുന്നു. കോവിഡാനന്തരം ഉയർന്നുവരാവുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾ കണ്ടെത്തി അഭിമുഖീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ 'കോവിഡ് 19 മഹാമാരിയുടെ ആഘാതം' എന്ന ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സീമാറ്റ് വിവരശേഖരണം നടത്തി. അനുസരിച്ചുള്ള റിപ്പോർട്ട് ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. ഈ അക്കാദമിക വർഷം ജൂൺ 1 ന് തന്നെ സ്കൂൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുകയും അതിന് ആവശ്യമായ മുന്നൊരുക്കങ്ങളും പൊതുജനപങ്കാളിത്തത്തോടെ ജനകീയമായി തന്നെ നടത്തുകയും സമൂഹത്തിലെ എല്ലാ ആളുകളേയും ഒത്തൊരുമിപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ പ്രവേശനോത്സവം സംഘടിപ്പിക്കുകയുമുണ്ടായി. പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു.

## IX. സമൂഹ പങ്കാളിത്തം

ജനകീയവിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലയങ്ങളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021 നവംബർ മാസത്തിൽ കോവിഡാനന്തരം സ്കൂളുകൾ

തുറന്നപ്പോൾ ജനകീയ പങ്കാളിത്തത്തോടെയാണ് സ്കൂളുകളുടെ അണുനശീകരണവും ശുചീകരണ പ്രവൃത്തികളും നടന്നത്. ജൂൺ 1ന് നടന്ന പ്രവേശനോത്സവം, പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം തുടങ്ങി എല്ലാ പ്രധാന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ജനകീയത ഉറപ്പാക്കുന്നതിന് ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാസാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങി സമൂഹത്തിന്റെ നാനാ തലത്തിലുള്ള ആളുകളുടേയും സഹകരണവും സഹായവും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞു. സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കി. രക്ഷാക ർതൃബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. പ്രാദേശിക സമൂഹത്തിന്റെ പിന്തുണയോടെ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. തുടർന്നും സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.